STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.561/PR/SPMC/PHQ/2021 Date :15.12.2021

## കേരളാ പോലീസിന്റെ ഡ്രോൺ ഹാക്കത്തോൺ

## വ്യാഴം, വെള്ളി ദിവസങ്ങളിൽ എസ്.എ.പി ഗ്രൗണ്ടിൽ

ഡ്രോൺ കെ.പി 2021 എന്ന പേരിൽ കേരളാ പോലീസ് സൈബർഡോം സംഘടിപ്പിക്കുന്ന ഡ്രോൺ ഹാക്കത്തോൺ വ്യാഴം, വെള്ളി ദിവസങ്ങളിൽ നടക്കും. വ്യാഴാഴ്ച വൈകുന്നേരം 05.30 ന് പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും. വി.കെ.പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും. സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ എ.ഡി.ജി.പി കെ.പത്മകുമാർ നന്ദി അറിയിക്കും.

കുറ്റാന്വേഷണം, ദുരന്തനിവാരണം, ജനക്കൂട്ടനിയന്ത്രണം എന്നിങ്ങനെ പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമാകുന്ന ഡ്രോൺസാങ്കേതിക വിദ്യ ഈ മേഖലയിലെ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ വികസിപ്പിക്കുന്നതിനാണ് കേരളാപോലീസ് ഡ്രോൺ ഹാക്കത്തോൺ സംഘടിപ്പിക്കുന്നത്. ഡ്രോൺ ഗവേഷണത്തിൽ താൽപര്യമുള്ള സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പരിപാടി. ഇതിന്റെ ഭാഗമായി ഡ്രോൺ ഉപയോഗിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്കും സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും പരിശീലനം നൽകും. പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയതരം ഡ്രോണുകൾ നിർമ്മിക്കുന്നതിനുള്ള മത്സരവും ഇതോടൊപ്പം നടക്കും. പരിപാടിയോടനുബന്ധിച്ച് തിരുവനന്തപുരം എസ്.എ.പി ഗ്രൗണ്ടിൽ ഡ്രോൺ എയർ ഷോയും വിവിധതരം ഡ്രോണുകളുടെ പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.

പരിശീലന പരിപാടിയുടെ ഉദ്ഘാടനം എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ വ്യാഴാഴ്ച രാവിലെ പത്തു മണിക്ക് വിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി നിർവ്വഹിക്കും. തുടർന്ന് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് ഡ്രോൺ എയർ ഷോ ഫ്ളാഗ്ഓഫ് ചെയ്യും. ഡ്രോൺ പ്രദർശനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

വെള്ളിയാഴ്ച ഉച്ചക്ക് രണ്ട് മണി മുതൽ മത്സരങ്ങളിൽ പരീക്ഷിച്ച പുതിയ ഡ്രോൺ സാങ്കേതികവിദ്യകൾ അവലോകനം ചെയ്യും. വൈകുന്നേരം നാലരയ്ക്ക് നടക്കുന്ന സമാപനസ

മ്മേളനത്തിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു മുഖ്യാതിഥിയായിരിക്കും. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, സൈബർഡോം നോഡൽ ഓഫീസർ എ.ഡി.ജി.പി മനോജ് എബ്രഹാം, ഡി.ഐ.ജി പി.പ്രകാശ്, സിനിമാതാരം ഇനിയ എന്നിവർ സംബന്ധിക്കും. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും.

*************************